ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ അധികാരങ്ങൾ

107 (108) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ "ടേംസ് ഓഫ് റഫറൻസ്" എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനെ "കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട്" അനുസരിച്ചാണോ നിയമിച്ചിട്ടുള്ളത് ;

(സി) ഈ കമ്മീഷന് തെളിവുകൾ സമാഹരിക്കുന്നതിന് ആവശ്യം വേണ്ട സിവിൽ കോടതിയുടെ അധികാരങ്ങളുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, തെളിവുകൾ ശേഖരിക്കുന്നതിന് സിവിൽ കോടതിയുടെ അധികാരങ്ങൾ പ്രസ്തുത കമ്മീഷന് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†.

(ബി) അല്ല.

(സി) ഇല്ല.

(ഡി) ഈ കമ്മീഷൻ ക്രീമിലെയറിൽ സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കനുസാരമായി പിന്നോക്ക വിഭാഗങ്ങൾക്കും പരമാവധി പ്രയോജനം നൽകുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കാനുള്ളതാണ്. താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇക്കാര്യത്തെപ്പറ്റി കമ്മീഷന് നിവേദനം സമർപ്പിക്കാം. കമ്മീഷൻ അപ്രകാരമുള്ള നിവേദനങ്ങൾ ക്ഷണിക്കുകയും ചെയ്തു. അതല്ലാതെ ആരെയെങ്കിലും സമൺ ചെയ്ത് തെളിവെടുക്കേണ്ട കാര്യമില്ല. അതിനാൽ എൻക്വയറി കമ്മീഷൻ ആക്ട്പ്രകാരം കമ്മീഷനെ നിയമിച്ചില്ല.

അന്വേഷണ കമ്മീഷനുകൾ

108 (109) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം XXIV

LIBRARY ARCHIVES Kerala Legislative Assembly

26. കസബ പോലീസ് സ്റ്റേഷൻ (പാലക്കാട് ജില്ല), ക്രൈം നമ്പർ, 142/95, ജെ.എഫ്. എം.സി. II, പാലക്കാട്

27. കസബ പോലീസ് സ്റ്റേഷൻ , ക്രൈം നമ്പർ, 148/95, ജെ.എഫ്. എം.സി. II, പാലക്കാട്

28. നെൻമാറ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 130/94, ജെ.എഫ്. എം.സി. ആലത്തൂർ

29. പട്ടാമ്പി പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ, 104/95, ജെ.എഫ്.എം. സി. പട്ടാമ്പി

അനുബന്ധം XXIV

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107(108) ദയവായി കാണുക]

എ. സുപ്രീംകോടതി വിധിയിലെ നീരിക്ഷണങ്ങൾക്ക് അനുരോധമായി പിന്നോക്ക സമുദായങ്ങളിൽ മേൽത്തട്ടിൽപ്പെടുന്നവരെ സംവരണ ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കാൻ ഏത് മാനദണ്ഡങ്ങൾ സ്വീകരിക്കണം. അഥവാ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് പ്രസ്തുത വിധിയുടെ വെളിച്ചത്തിൽ നിലവിലുള്ള പരിരക്ഷ പരമാവധി നിലനിർത്തുന്നതിന് ഏത് മാനദണ്ഡങ്ങൾ സ്വീകരിക്കണം ?

ബി. പരമ്പരാഗതമായി ചെയ്തുവരുന്ന തൊഴിലിന്റെ അടിസ്ഥാനത്തിലോ മറ്റു വിധത്തിലോ മേൽത്തട്ടിൽ നിന്നും ഒഴിവാക്കാവുന്ന ഏതെങ്കിലും സമുദായമുണ്ടോഎങ്കിൽ ഏതെല്ലാം ?

സി(i) മേൽത്തട്ടിൽപ്പെടുന്ന വിവിധ വിഭാഗങ്ങൾക്ക് വരുമാനം/സ്വത്ത് സംബന്ധിച്ച് വെവ്വേറെ മാനദണ്ഡം ആവശ്യമാണോ ?

സി(ii) എങ്കിൽ വരുമാന/സ്വത്ത് പരിധി എന്തായിരിക്കണം ?

സി(iii) വരുമാനം കണക്കാക്കുമ്പോൾ ഏതെങ്കിലും പ്രത്യേക വരുമാനം/ വരുമാനങ്ങൾ അതിൽ നിന്നും ഒഴിവാക്കണമോ ?

സി(iv) ശുപാർശകൾ സമർപ്പിക്കുമ്പോൾ സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളുടെ നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളും പ്രത്യേക അവസ്ഥാവിശേഷങ്ങളും കമ്മീഷൻ കണക്കിലെടുക്കണം.

സി(v) ഒരു മാസത്തിനകം കമ്മീഷൻ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കണം (കാലാവധി രണ്ടുമാസംകൂടി ദീർഘിപ്പിച്ചുകൊണ്ട് പിന്നീട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്).

സി(vi) കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരത്തും ആസ്ഥാനം എറണാകുളത്തും ആയിരിക്കും.

സി(vii) കമ്മീഷന് ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly